**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **23-01-2025 - ൽ മറുപടിയ്ക്ക്**

**പേഴ്സണൽ സ്റ്റാഫ് പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സാംസ്കാരിക, നോർക്ക, പ്ലാനിങ് വകുപ്പ് മന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ പേഴ്സണൽ അസിസ്റ്റന്റ് ആയി GO(Rt) 9303/2011 GAD ഉത്തരവുപ്രകാരം നിയമിതനായ ശ്രീ. സണ്ണി തോമസ് , പാറക്കൽ വീട്, കളത്തിപ്പടി, വടവാതൂർ, കോട്ടയം , പിൻ-686010 എന്ന വ്യക്തിക്ക് പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും 31 /01/ 2003-ൽ വിരമിച്ച ശ്രീ. സണ്ണിതോമസിനെ പുനർ നിയമന വ്യവസ്ഥയിലാണ് പേഴ്സണൽ സ്റ്റാഫിൽ നിയമിക്കേണ്ടിയിരുന്നത്. എന്നാൽ നേരിട്ടുള്ള നിയമനമാണ് നൽകിയിരുന്നത്. ആയതിനാൽ നിലവിലെ സർവ്വീസ് പെൻഷനോടൊപ്പം പേഴ്സണൽ സ്റ്റാഫ് പെൻഷൻ കൂടി അനുവദിക്കണമെന്ന അപേക്ഷകന്റെ ആവശ്യം ചട്ടപ്രകാരം അംഗീകരിക്കാനാകില്ല. ചട്ടവിരുദ്ധമായി നേരിട്ട് നിയമനം നൽകിയ ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ട്. ടിയാന് ലഭിക്കേണ്ടിയിരുന്ന പുനർനിയമന വേതനത്തേക്കാൾ അധികം തുക പേഴ്സണൽ സ്റ്റാഫിലെ സേവനത്തിനു കൈപ്പറ്റിയിട്ടുള്ള പക്ഷം ആയതു ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതുണ്ട്. ഈ വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | 18.04.2024ൽ SDO കോഡ് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സണ്ണി തോമസിന് കത്ത് നൽകിയതിന് ശേഷം പെൻഷൻ അനുവദിക്കുന്നതിനുള്ള PI 38/2020 GAD, SH3/168/21 ഫയലിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും 31 /01/ 2003-ൽ വിരമിച്ച ശ്രീ. സണ്ണി തോമസിനെ പുനർ നിയമന വ്യവസ്ഥയിലാണ് പേഴ്സണൽ സ്റ്റാഫിൽ നിയമിക്കേണ്ടിയിരുന്നത്. എന്നാൽ നേരിട്ടുള്ള നിയമനമാണ് നൽകിയിരുന്നത്. ആയതിനാൽ നിലവിലെ സർവ്വീസ് പെൻഷനോടൊപ്പം പേഴ്സണൽ സ്റ്റാഫ് പെൻഷൻ കൂടി അനുവദിക്കണമെന്ന അപേക്ഷകന്റെ ആവശ്യം ചട്ടപ്രകാരം അംഗീകരിക്കാനാകില്ല. ചട്ടവിരുദ്ധമായി നേരിട്ട് നിയമനം നൽകിയ ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ട്. ടിയാന് ലഭിക്കേണ്ടിയിരുന്ന പുനർനിയമന വേതനത്തേക്കാൾ അധികം തുക പേഴ്സണൽ സ്റ്റാഫിലെ സേവനത്തിനു കൈപ്പറ്റിയിട്ടുള്ള പക്ഷം ആയതു ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതുണ്ട്. ഈ വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ